Lalith Babu

**വിവരാവകാശ കമ്മീഷനുമായുള്ള കത്തിടപാടുകൾ നടത്തുന്നതിന് വേണ്ടി എല്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും ഒന്നാം അപ്പീൽ അധികാരികളും ഇ- മെയിൽ വിലാസം ഉണ്ടാക്കണമെന്ന നിർദേശിക്കുന്ന സർക്കുലർ**

"ഭരണഭാഷ മാതൃഭാഷ"

**കേരളസർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സി.ഡി.എൻ.5/7/19/പൊ.ഭ.വ

തിരുവനന്തപുരം, തീയതി 12.06.2019.

## സർക്കുലർ

വിഷയം:- സംസ്ഥാന വിവരാവകാശ കമ്മീഷനുമായുള്ള കത്തിടപാടുകൾ ഇ-മെയിൽ മുഖാന്തരം നടത്തണമെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും/ അപ്പീൽ അധികാരികൾക്കും നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 27.12.2018 ലെ സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 14226/G8-Admn/2018/SIC നമ്പർ കത്ത്

സംസ്ഥാന വിവരാവകാശ കമ്മീഷൻ, അപ്പീൽ അപേക്ഷ/പരാതികളിന്മേലുള്ള റിപ്പോർട്ട് എന്നിവ ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അപ്പീൽ അധികാരികൾക്ക് തപാൽ സംവിധാനം വഴി കത്തുകൾ അയക്കുന്നത് കമ്മീഷന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നതിനോടൊപ്പം തന്നെ, നിരവധി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ കമ്മീഷനിൽ നിന്ന് അയക്കുന്ന കത്തുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല എന്ന പരാതി ഉന്നയിക്കുന്നതിനാലും ആയതിനാൽ വിവരാവകാശ കമ്മീഷനുമായുള്ള എല്ലാ ആശയ വിനിമയങ്ങളും ഇ-മെയിൽ മുഖാന്തരം നടത്തുന്നതിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും/അപ്പീൽ അധികാരികൾക്കും നിർദ്ദേശം നൽകണമെന്ന് സൂചന പ്രകാരം കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു.

വിവരാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട എല്ലാ ആശയ വിനിമയങ്ങളും ഇ-മെയിൽ മുഖാന്തരം നടത്തുന്നത് വിവരാവകാശം സംബന്ധിച്ച അപ്പീലുകളും, പരാതികളും കമ്മീഷന് വേഗതയിൽ തീർപ്പാക്കാൻ സഹായകരമാകുമെന്നതിനാൽ സംസ്ഥാനത്തെ എല്ലാ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും ഇതോടൊപ്പം ചേർത്തിരിക്കുന്ന പ്രൊഫോർമയിൽ വിവരങ്ങൾ രേഖപ്പെടുത്തി സംസ്ഥാന ഐ.റ്റി മിഷനുമായി ബന്ധപ്പെട്ട് **"spio<officename>@domain name"** എന്ന മാതൃകയിൽ ഇ-മെയിൽ വിലാസം രൂപീകരിക്കേണ്ടതാണ്. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും, അപ്പീൽ അധികാരികളും വിവരാവകാശ കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളും മേൽ പ്രസ്താവിച്ച രീതിയിൽ രൂപീകരിച്ച ഇ-മെയിൽ വിലാസം വഴി നടത്തേണ്ടതാണെന്നും, കൂടാതെ എല്ലാ വകുപ്പുമേധാവികളും, അവരവരുടെ കീഴിലുള്ള ഓഫീസുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ/അപ്പീൽ അധികാരികൾ ഇത്തരത്തിൽ രൂപീകരിച്ച ഇ-മെയിൽ വിലാസം സമാഹരിച്ച് സംസ്ഥാന വിവരാവകാശ കമ്മീഷനെ അറിയിക്കേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നു.

| Sl. No. | Fist Name | Last name | Designation | Dept. | Office Name | Mob. No | Date of Retirement (dd-mm-yy) | Preferred e-mail ID (Max.20 characters ) | Preferred e-mail address (max. 30 Characters) | Date of Birth (dd-mm-yy) |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |

**എം.ജി.രഞ്ജിത് കുമാർ**

അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവന്മാർക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം